# ബി.ആർ.പി. ഭാസ്കർ
# "മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ ഉയർച്ചയും താഴ്ച്ചയും"

ആദരണീയനായ അദ്ധ്യക്ഷൻ പ്രഫ.വി.കെ. ദാമോദരൻ, വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റിന്റെ ചെയർമാൻ ശ്രീ എ. സുഹൈർ, ശ്രീ യൂനുസ്, ശ്രീ ജയരാജൻ,സുഹൃത്തുക്കളെ വളരെ സന്തോഷത്തോടുകൂടിയാണ് ഈ പരിപാടിയിൽ പങ്കെടുക്കുന്നത്. കാരണം വളരെ സുപ്രധാനമായ ഒരു ദൌധ്യതിലാണ് വക്കം മൗലവി ഫൗണ്ടേഷൻ ഏർപ്പെട്ടിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പ്രഭാഷണ പരമ്പര അവതരിപ്പിക്കുന്നത് തന്നെ നവോത്ഥാനം പുതുവഴികൾ തേടി എന്ന രീതിയിലാണ്. എനിക്ക് അത് വളരെ സന്തോഷം തരുന്നത് വ്യക്തിപരമായ ഒരു കാരണം കൊണ്ട് കൂടിയാണ്.ഇരുപത്തി അഞ്ചു വർഷം മുൻപ് ഞാൻ നാൽപത് വർഷം കേരളത്തിന് പുറത്ത് പണിയെടുതത്തിനു ശേഷം തിരിച്ചു വന്നപ്പോൾ ഇവിടത്തെ കാര്യങ്ങളെക്കുറിച്ച് എഴുതുവാനും പഠിക്കുവാനും ശ്രമിച്ചപ്പോൾ നിരന്തരം ഉയർന്നുവന്നതും എഴുത്തുകളിൽ ഞാൻ ഉന്നയിച്ചതും ആയ ഒരു ചോദ്യം ഇതാണ്. നവോത്ഥാനത്തിനു എന്തുപറ്റി, കേരളം ഒരു നവോത്ഥാന പ്രക്യയയിലൂടെ കടന്നുപോയി,അതിന്റെ നന്മകളെല്ലാം ചോർന്നുകൊണ്ടിരിക്കുന്നു,അഥവാ ചോർന്നുപോയിരിക്കുന്നു എന്നുള്ള ഒരു ബോധമാണ് എനിക്കുണ്ടായത്.എങ്ങനെയാണ് അതിൽ എത്തിച്ചേർന്നത് എന്ന് ചോദിച്ചുകഴിഞ്ഞാൽ നമ്മൾ എല്ലാകാര്യത്തിലും വികസിച്ചിരിക്കുന്നു,ഐക്യരാഷ്ട്രസഭ തന്നെ കണ്ടെത്തിയിരിക്കുന്നു വ്യവസായം ഒന്നും കൂടാതെ അമേരിക്കയ്ക്ക് തുല്യമായ സാമൂഹ്യവികസനം ഒരു പ്രദേശമാണ് കേരളം എന്ന്. അങ്ങനെയുള്ള കേരളത്തിൽ ഇപ്പൊ സംഗതികൾ കുഴപ്പത്തിലാണ് എന്ന് പറയുന്നതിനു തന്നെ ധൈര്യം വേണം, നമ്മളെല്ലാം വളരെ ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നു എന്നാ ഉത്തമവിശ്വാസം പൊതുവിൽ നിലനിന്നിരുന്ന ഒരു ഘട്ടത്തിലാണ്. ആ ധാരണ ശരിയല്ല എന്ന് എനിക്ക് ബോധ്യമായത് രണ്ട് മൂന്ന് വിഷയങ്ങൾ കൈകാര്യം ചെയ്തപ്പോഴാണ്. ഒന്ന് ആദിവാസി ഭൂമി പ്രശ്നം, ഇവിടൊരു നവോത്ഥാനം നടന്നെങ്കിൽ അതെന്തുകൊണ്ട് ആദിവാസികളിൽ എത്തിയില്ല. രണ്ടാമത് ദളിതർ അനുഭവിക്കുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ചും ഭൂരാഹിത്യം. എന്തുകൊണ്ട് കേരളത്തിലെ പുരോഗതിയിൽ ദളിതർ പുറംതള്ളപ്പെട്ടു. മൂന്നാമത് സ്ത്രീകളുടെ അവസ്ഥ. ഒരു നവോത്ഥാനം നടന്ന സ്ഥലത്ത് എന്തുകൊണ്ടാണ് സ്ത്രീകൾക്ക് തുല്യത ലഭിക്കാതെ പോകുന്നത്.ആ കാലഘട്ടങ്ങളിൽ എഴുതിയ കൊറേ ലേഖനങ്ങളെല്ലാം സമാഹരിച്ച് ഒരു പ്രസാധകൻ ഒരു ചെറിയ പുസ്തകം ഇറക്കുകയുണ്ടായി.അതിന് ഞാൻ നിർദ്ദേശിച്ച തലക്കെട്ട് തന്നെ പിൻതിരിഞ്ഞോടുന്ന കേരളം എന്നാണ്. നവോത്ഥാനകാലത്ത് നാം മുന്നോട്ടുപോയി, പക്ഷെ ഇപ്പോൾ നാം പിൻതിരിഞ്ഞോടിക്കൊണ്ടിരിക്കുന്നു എന്നുള്ള ഒരു സന്ദേശം നൽകുന്നതിനു വേണ്ടിയാണ് ഇങ്ങനൊരു തലക്കെട്ട് തന്നെ നൽകിയത്.അപ്പോൾ കേരളത്തിന്റെ ഒരു വലിയ ആവശ്യമായി ഞാൻ കണ്ടത് നവോത്ഥാനം മൂല്യങ്ങൾ തിരിച്ചു പിടിയ്ക്കുക എന്നുള്ളതാണ്. ഇതിനിടയിൽ കേരളത്തിൽ പോതുസമൂഹങ്ങളിൽ നടക്കുന്ന ചർച്ചകളിൽ ഇവിടെ നവോത്ഥാനം നടന്നോ എന്ന് തന്നെ ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.ഇവിടെ കൊറേ സാമൂഹിക നവീകരണ പ്രസ്ഥാനങ്ങൾ നടന്നു,അല്ലാതെ നവോത്ഥാനം ഒന്നും നടക്കുന്നില്ല.എന്താണ് നവോത്ഥാനം എന്ന് പറയുമ്പോൾ കലാരംഗത്തുണ്ടായ ഉണർവ് പക്ഷെ അതല്ല അതിനെ നവോത്ഥാനമാക്കുന്നത്. കലയിലോ ശാഖയിലോ ഏതെങ്കിലും ഒരു ശാഖയിലോ ഒതുങ്ങുന്ന ഒരു വികാസമോ വളർച്ചയോ നവോത്ഥാനമാകുന്നില്ല. നവോത്ഥാനമാകണമെങ്കിൽ അത് സർവ്വതല

സ്പർശിയായിരിക്കണം,ഒരു മേഖലയിൽ തുടങ്ങി അത് മറ്റു മേഖലകളിൽ വ്യപിക്കണം. യൂറോപ്പിൽ ആ കാലഘട്ടങ്ങളിൽ നടന്ന വികാസങ്ങൾ നോക്കിക്കഴിഞ്ഞാൽ സയൻസിന്റെ പുരോഗതി തുടങ്ങുന്നത് അതിനെ തുടർന്നാണ്.ആ കാലഘട്ടങ്ങലിലാണ് യൂറോപ്യൻ രാജ്യങ്ങളുടെ പുരോഗതിയുണ്ടാകുന്നത്. യൂറോപ്പിൽ നിന്ന് സാഹസികരായ ആളുകൾ ലോകം മുഴുവൻ ചുറ്റിക്കറങ്ങി രാജ്യങ്ങൾ കണ്ടുപിടിക്കുകയാണ്. നൂറുകണക്കിന് വർഷങ്ങളായി ആൾവാസമുള്ള രാജ്യങ്ങളിൽ പോയിട്ട് ഇവർ പറയുകയാണ് ഞങ്ങൾ ഇത് കണ്ടുപിടിച്ചു എന്ന് അത് അവരുടെ വകയായി. പക്ഷെ ആ കാലഘട്ടത്തിൽ ഫ്യൂഡലിസം തകരുന്നു,ഒരു വ്യാവസായിക യുഗം ഉണ്ടാകുന്നു,ഇങ്ങനെ എല്ലാ തലങ്ങളെയും ബാധിക്കുന്ന ഒരു സംഭവ പരമ്പരയാണ് ഈ നവോത്ഥാനം എന്ന് പറയുന്നത്. അങ്ങനൊരു നവോത്ഥാനം ഇവിടെ നടന്നോ എന്ന് ചോദിച്ചു കഴിഞ്ഞാൽ നടന്നു എന്ന് പറയാം. വക്കം മൗലവിയും ശ്രീനാരായണ ഗുരുവും ചട്ടമ്പി സ്വാമിയും അയ്യങ്കാളിയും ഒക്കെ ചെയ്ത നവീകരണ പ്രസ്ഥാനങ്ങൾ എന്ന് പറയുന്നത് നിങ്ങൾ ഒറ്റയ്ക്ക് ഒറ്റയ്ക്ക് നോക്കിക്കഴിഞ്ഞാൽ ചില വിഭാഗങ്ങളുടെ നവീകരണങ്ങൾക്ക് വേണ്ടിയുള്ള ശ്രമങ്ങളാണ്. പക്ഷെ അത് എല്ലാ മേഖലകളിലും പടർന്നു എന്ന് തിരിച്ചറിയാൻ കഴിയണം. അത് അന്ഗീകരിയ്ക്കാൻ നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് വലിയ മടിയുണ്ട്. കാരണം അവരുടെ ആവിർഭാവങ്ങൾക്ക് മുൻപ് ഇവിടെ ഒന്നും നടന്നില്ല അവര് വന്നിട്ടാണ് ഇവിടെ സ്വാതന്ത്ര്യം ഉണ്ടായത് എന്നുള്ള ഒരു വിശ്വാസമാണ് അവർക്കുള്ളത്. നേതാക്കന്മാരുടെ സംസാരത്തിലും എഴുതിയതിലും അവരുടെ പ്രചാരണങ്ങളിൽ എല്ലാം ഉള്ള ആശയം ഇതാണ്. ഇവിടെ ഈ രാഷ്ട്രീയ പാർട്ടികൾ ജനിക്കുന്നതിന് പതിറ്റാണ്ടുകൾക്ക് മുൻപ് ആണ് അയ്യങ്കാളി ആദ്യത്തെ കർഷകരുടെ തൊഴിൽ സംബന്ധിച്ച് ഒരുകൊല്ലത്തിലധികം നീണ്ടുനിന്ന സമരം സംഘടിപ്പിക്കുനത്. ആദ്യം ദളിതർ ജോലിയ്ക്കിറങ്ങില്ല പഠിക്കാനുള്ള സൗകര്യവും മറ്റു തുല്യ അവസരങ്ങളും നൽകിയില്ലെങ്കിൽ ജോലി ചെയ്യില്ല എന്ന് പറഞ്ഞ് പണിമുടക്കിയപ്പോൾ, ഇവരില്ലെങ്കിലും നമുക്കിത് കൊണ്ട് പോകാമെന്ന് പറഞ്ഞുകൊണ്ട് അവർ നേരിട്ട് പാടത്തിലിറങ്ങി പക്ഷെ നടന്നില്ല.എന്നാൽ കൃഷി ചെയ്യുന്നില്ല എന്ന് തീരുമാനിച്ചു. അങ്ങനെ ഒന്നര കൊല്ലത്തോളം കൃഷി ചെയ്യാതെ തരിശുഭൂമി ആയിക്കിടന്ന ഒരു അവസ്തയുണ്ടായി. അത്തരത്തിലുള്ള ഒരു കർഷക തൊഴിലാളി സമരം ഇവിടെ നടന്നത് ഇവിടെ രാഷ്ട്രീയ പാർട്ടികൾ ഉണ്ടാകുന്നതിനു മുൻപാണ്. ഇന്ത്യയിലെന്നല്ല ആദ്യത്തെ ബോണസ് സമരം ഇവിടെയാണ് ഉണ്ടാകുന്നത്. അതും നവോത്ഥാനവുമായി ബന്ധപ്പെട്ടുള്ളതാണ്.കൊല്ലത്തു ഹാരിസ്സൻ ആൻഡ് ട്രോസ്ഫിൽട് എന്ന് പറയുന്ന സായിപ്പന്മാര് നടത്തുന്ന ഒരു കമ്പനിയുണ്ട്. അവിടെ ഒരുപാട് ആക്ടിവിറ്റി നടക്കുന്ന സംഗതിയാണ്. ഒന്നാം ലോക മഹായുദ്ധ സമയത്ത് യുദ്ധസംബന്ധപരമായ കാര്യങ്ങൾ ചെയ്യുന്നതിന് വേണ്ടി സർക്കാർ ആവശ്യപ്പെട്ടു. ഈ വാർടൈം കോണ്ട്രാക്റ്റ് എർപ്പെട്ടിരിക്കുന്നു, കൊല്ലത്തിന്റെ എക്കൊനോമിയെ നിയന്ത്രിച്ചിരുന്ന, ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി നൽകിയിരുന്ന സ്ഥാപനമാണത്. ആ സ്ഥാപനത്തിന്റെ ജീവനക്കാർ ഒരു ആവശ്യം 1915ൽ ഒന്നാം ലോകമഹായുദ്ധം തുടങ്ങിയ സമയത്ത് ഒരു ആവശ്യം മുന്നോട്ട് വച്ചു,അത് ബോണസ് ആയിരുന്നു. ആ സമരം നയിച്ചത് ശ്രീനാരായണ പ്രസ്ഥാനത്തിന്റെ ആളുകളാണ്. ആദ്യത്തെ തൊഴിലാളി യൂണിയൻ ഉണ്ടാക്കിയതും ശ്രീനാരായണ പ്രസ്ഥാനത്തിന്റെ ബാബ എന്ന് പറയുന്ന ആലപ്പുഴകാരനാണ്. ആലപ്പുഴയിലാണ് മറ്റൊരു വ്യവസായ സ്ഥാപനമുള്ളത്. ഇതും വിദേശ കമ്പനി തന്നെയാണ്. കയർ എക്സ്പോർട്ട് ആണ് കൂടുതലും. കേരളത്തിൽ ആദ്യമായി ഒരു ട്രേഡ് യൂണിയൻ തിരുവിതാംകൂറിൽ ഉണ്ടാക്കുന്നത് അവരാണ്. ശ്രീനാരായണഗുരുവിന്റെ അനിയായി ആയ ബാബയാണ് പ്രവർത്തനത്തിന് മുന്നുൽ നിന്നത്. കേരളത്തിൽ പൊതുവേ പറയാറുണ്ട് നമ്മുടെപാരമ്പരാഗത

വ്യവസായങ്ങളൊക്കെ നശിച്ചു പോയി എന്ന്, ആ വ്യവസായങ്ങളോക്കെയും നവോത്ഥാനകാലത്തുണ്ടായതാണ്. പ്രധാനമായും കയർ,കശുവണ്ടി, ഓട് എന്നിവയൊക്കെ. ശ്രീനാരായണഗുരുവിന്റെ അനുഗ്രഹവും വാങ്ങി ഒരു രൂപ നാണയവും കൊണ്ട് തുടങ്ങിയ ഒരു സോപ്പ് കമ്പനിയാണു ഇന്നത ബ്രാൻഡ് ആയ ചന്ദ്രിക. ശ്രീനാരായണഗുരു ആളുകൾക്ക് നൽകിയിരുന്ന സന്ദേശം വിദ്യാഭ്യാസം നേടുക പിന്നെ വ്യവസായം നടത്തുക എന്നതാണ്. അപ്പോൾ കേരളത്തിൽ നവോത്ഥാനം നടന്നോ എന്ന് ചോദിക്കാൻ പാടില്ല. മേലാളകീഴാള രീതികളൊക്കെ മാറി ഒരു ഏകീകൃത സമൂഹം ഉണ്ടാകുന്നത് നവോത്ഥാനം വഴിയാണ് എന്നുള്ള ചരിത്രം നമ്മുടെ ആളുകൾ മനസിലാക്കേണ്ടിയിരിക്കുന്നു. നമ്മൾ ചർച്ച ചെയ്യുന്ന വിഷയവുമായി നവോത്ഥാനത്തിനു ബന്ധമുള്ളതുകൊണ്ടാണ് ഒരു ആമുഖമായി ഇത് പറഞ്ഞത്. എങ്ങനെയാണ് മാധ്യമങ്ങളുടെ ഉയർച്ച എന്ന് നമ്മൾ ആദ്യം നമ്മൾ കാണണം,മൂല്യാധിഷ്ഠിത പത്രപ്രവർത്തനം. പത്രങ്ങൾ എങ്ങനെയുണ്ടായി അതിന്റെ മൂല്യങ്ങൾ എങ്ങനെ ഉണ്ടായി എന്നൊക്കെയുള്ള അറിവോടുകൂടി വേണം നമ്മൾ തുടങ്ങാൻ. പതിനഞ്ചാം നൂറ്റാണ്ടിൽ ഒരു ജർമനിക്കാരൻ അച്ച് ഉണ്ടാക്കി അതിൽ അക്ഷരങ്ങൾ നിരത്തിവച്ച് അച്ചടിയ്ക്കുക അപ്പൊ പ്രിന്റിംഗിന്റെ തുടക്കം അവിടെയാണ്. പുസ്തകങ്ങൾ ആണ് ആദ്യം അച്ചടിച്ചുകൊണ്ടിരുന്നത്. അതുകഴിഞ്ഞ് ഒരു നൂറ് നൂറ്റിഅൻപത് വർഷം കഴിഞ്ഞാണ് ആദ്യമായി ഒരു പത്രം അച്ചടിയ്ക്കുന്നത്. വിവരങ്ങളൊക്കെ ശേഖരിച്ചതിനു ശേഷം കൊണ്ട് വന്നാണ് ഇത് സാധ്യമാക്കുന്നത്. ഈ പത്രത്തിന് ഒരു നീണ്ട പേരാണ്. ഒരു ജർമൻ പേരാണ് അതിന്റെ മലയാള തർജ്ജിമ എന്നത് "പ്രധാനപ്പെട്ടതും ആവശ്യം അറിയേണ്ടതുമായ വിവരങ്ങൾ സംബന്ധിക്കുന്ന കാര്യങ്ങൾ" എന്നാണ്. അപ്പോൾ ആളുകൾക്ക് കാര്യങ്ങൾ അറിയണമെന്നുള്ള താല്പര്യമുണ്ട്, അപ്പൊ അത് ആച്ചടിച്ച് ആളുകളിലേക്ക് എത്തിക്കണമെന്നുള്ള ചിന്ത ഉണ്ടാകുന്നത് ആ കാലഘട്ടതിലാണ്. പത്രം തുടങ്ങുന്നതിനു മുൻപുള്ള ഈ നൂറ്റിഅൻപത് കൊല്ലക്കാലം അതായത് 1450 മുതൽ 1600 വരെയുള്ള കാലം അത് ഈ യൂറോപ്യൻ നവോത്ഥാനത്തിന്റെ കാലഘട്ടമാണ്. വാസ്തവത്തിൽ യൂറോപ്യൻസ് ആണ് ഇവിടെ അച്ച് കൊണ്ട് വന്നു അച്ചടി ആരംഭിക്കുന്നത്. പിന്നെ പോർച്ചുഗീസുകാരാണ് ഗോവയിൽ ആദ്യമായി ഇന്ത്യൻ ഭാഷയിൽ അച്ചടി നടത്തുന്നത്. തമിഴിൽ തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ആരാധനാരീതിയിലുള്ള ഒരു പുസ്തകമാണ് അവർ അച്ചടിച്ചത് 1578ൽ. "തമ്പുരാനു വണക്കം" എന്നാണ് ആ പുസ്തകത്തിന്റെ പേര് തന്നെ. 1579ൽ അതിന്റെ മലയാള പരിഭാഷ ഇറങ്ങി എന്ന് പറയപ്പെടുന്നു. ഇങ്ങനെ വീണ്ടും നൂറു കൊല്ലങ്ങൾക്ക് ശേഷമാണ് പത്രത്തിനായി ഒരു അച്ചടി വരുന്നത്. അതും വിദേശികൾ തന്നെയാണ്. 1847ൽ കേരളത്തിൽ ഗുണ്ടർട്ട് ആണ് ആദ്യമായി പത്രം തുടങ്ങുന്നത്. ചുരുക്കത്തിൽ പത്രം തുടങ്ങുന്നതിനു മുഖ്യധാരയിൽ പ്രവർത്തിച്ചവർ എല്ലാം വിദേശികളാണ്. അദ്ദേഹം മതപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഒരു വിദേശിയാണ്. ഗുണ്ടർട്ട് രണ്ട് പത്രങ്ങൾ തുടങ്ങിയിരുന്നു. ഒന്ന് സാധാരണ ജനങ്ങൾക്ക് വേണ്ടിയുള്ള രാജ്യസമാചാരം എന്ന വൃത്താന്തപത്രമായിരുന്നു, അതിൽ കേരളത്തിലെ സാമൂഹ്യ പ്രശ്നങ്ങൾ പറയുന്നുണ്ട്, കുറച്ച് മാസങ്ങൾക്ക് ശേഷം അദ്ദേഹം പശ്ചിമതാരകം എന്ന ഒരു പത്രം കൂടി തുടങ്ങി. രണ്ട് പത്രങ്ങളും രണ്ട ധൌത്യങ്ങലാണ് ചെയ്തിരുന്നത്. പശ്ചിമതാരകം ശാസ്ത്രലോകത്തെ കുറിച്ചുള്ള വാർത്തകൾക്ക് വേണ്ടിയായിരുന്നു. വിവരങ്ങൾ നൽകുന്നതിനു രാജ്യസമാചാരം. പിന്നീട് വന്നവരൊക്കെ വളരെ സങ്കുചിതമായി പ്രവര്തിചിരുന്നവരല്ല അവർ. അതായത് വിവേച്ചനമായ രീതിയിലല്ല അവർ പ്രവർത്തിച്ചിരുന്നത്. ആദർങ്ങളെയും ആശയങ്ങളെയും സംബന്ധിച്ചിടത്തോളം വളരെ ഉന്നത തലത്തിൽ നിന്നുകൊണ്ടുള്ള ഒരു സമീപനം എന്ന് നമുക്ക് കാണാം.അതുകൊണ്ട് തന്നെ അവരുടെ പത്രപ്രവർത്തനം വളരെ ഉദാത്തമായ ഒന്നായിരുന്നു. ഗുണ്ടർട്ടിനു ശേഷം ആദ്യമായി ഒരു സ്വദേശി

ഗുജറാത്തുകാരൻ ദേവ്ജി ബീമ്ജി മലയാളത്തിൽ ഒരു പത്രം തുടങ്ങുകയുണ്ടായി. അതിലാണ് കണ്ടത്തിൽ വർഗീസ് മാപ്പള പത്രാധിപരായി വന്നത്. ഒരു മലയാളി ആദ്യമായി ഈ രംഗത്തേയ്ക്ക്1884ൽ ഒരു കേരള പത്രിക കൊണ്ട് വരുന്നത് ചെങ്ങനാത്ത് കുഞ്ഞിരാമ മേനോൻ എന്ന് പറയുന്ന ആളാണ്. പിന്നെ ആ കാലത്ത് വന്ന ഒരു പത്രമാണ് നസ്രാണി ദീപിക, മലയാളമനോരമ. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്ത രണ്ടാമത്തെയോ മൂന്നാമത്തെയോ കമ്പനിയാണ് മലയാളമനോരമ. അന്ന് ആദ്യകാല കമ്പനികൾ സ്വീകരിച്ചിരുന്നവർ ബിസ്സിനസ്സുകാർ ആയിരുന്നില്ല. SNDP,NSS ആദ്യം കാമ്പനിയായിട്ടു തന്നെയാണ് രജിസ്റ്റർ ചെയ്തത്. ഈ കാലഘട്ടത്തിലാണ് ശ്രീനാരായണഗുരു അരുവിപ്പുറത് ശിവപ്രതിഷ്ഠ നടത്തുന്നത്. ശ്രീനാരായണഗുരു ശ്രദ്ദേയമായത് അതിലൂടെടാനു. പക്ഷെ നവോത്ഥാനത്തിന്റെ ഭാഗമായി കാണാൻ കഴിയുന്ന കാര്യങ്ങൾ ഇതിനു മുന്നേ ഉണ്ടായിരുന്നു, നാടാർ സമുദായത്തിൽ നിന്ന് വന്ന വൈകുണ്ട സ്വാമിയുടെ പ്രവർത്തനങ്ങൾ. അദ്ദേഹമാണ് ബ്രിട്ടീഷുകാരെ വെളുത്ത നീചന്മാർ എന്ന് വിളിക്കുന്നത്. അപ്പോഴാണ് സ്വാതി തിരുനാൾ രാജാവ് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് തിരുവനന്തപുരതെയ്ക്ക് കൊണ്ട് വരുന്നത്. ശ്രീനാരായണഗുരുവിന് മുൻപാണ് ആറാട്ട്പുഴ വേലായുധൻ അമ്പലം വെയ്ക്കുനത്. പക്ഷെ സ്രീനാരായനഗുരുവിനെപ്പോലെയുള്ള ഒരു സമീപനമാമായിരുന്നില്ല അദ്ദേഹത്തിന്. അയാൾ ബ്രാഹ്മണനെ പോലെ വേഷപ്രച്ഛന്നനായി അവരോടൊപ്പം നടന്നു ക്ഷേത്രം വയ്ക്കുന്ന കാര്യങ്ങളൊക്കെ പഠിച്ചാണ് ചെയ്തത്. നവോത്ഥാനതിനെ ഉച്ചസ്ഥായിയിൽ ശ്രീനാരായണ ഗുരുവിനെ നിർത്താൻ കാരണം ഇതിനൊരു പുതിയ ദിശ നൽകിയതും ആത്യന്തിക ലക്ഷ്യം നിർവചിച്ചതും അദ്ദേഹമായിരുന്നു. ജാതിഭേതം മതദ്വേഷം ഏതുമില്ലാതെ സർവരും സോധരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്. എന്ന് പറഞ്ഞത് അദ്ദേഹമാണ്. ആ കാലഘട്ടത്തിൽ പുലയർക്ക് വിദ്യാഭ്യാസം നൽകാനമെന്ന് മലയാളമനോരമ എഴുതുന്നുണ്ട്. ഇതിനെ എതിർത്തിരുന്ന ഒരു പത്രമാണ് ഹിന്ദു നായർ പോലുള്ളവരുടെ മേലാള പത്രമായ മലയാളി എന്നാ പത്രം. ഈ മലയാളി പത്രം തീർത്തും സാമൂഹ്യ പരിവർത്തനത്തിന് എതിരായിരുന്നു എന്ന് പറയാം. ആദ്യത്തെ ഇംഗ്ലീഷ് പത്രങ്ങളെല്ലാം തുടങ്ങുന്നത് സായിപ്പന്മാരാന്. അതിന് ശേഷമാണ് ഇന്ത്യക്കാർ ദേശീയ ആശയങ്ങളൊക്കെ വെച്ചിട്ട് പത്രം തുടങ്ങുന്നത്. ഇരുപതാം നൂറ്റാണ്ടിലെയ്ക്ക് കടക്കുമ്പോൾ രണ്ട് ധാരകൾ ഉണ്ട്, ഒന്ന് ബ്രിട്ടീഷ് ഉടമസ്ഥത യിലുള്ളവയും, അതിനെ ആളുകൾ ആംഗ്ലോ ഇന്ത്യൻ പത്രങ്ങൾ എന്നായിരുന്നു. മറ്റുള്ള പത്രത്തെ നാഷണൽ അഥവാ ദേശീയ പത്രങ്ങൾ എന്ന് വിലിച്ചിരുന്നു, മുന്നൂറു വർഷത്തെ പത്ര പാരമ്പര്യമുള്ള യൂരോപ്യന്സിന്റെ ഇന്ഗ്ലിഷ് പത്രത്തിൽ ഉള്ള മൂല്യങ്ങൾ രണ്ട് കൂട്ടരും അന്ഗീകരിചിട്ടുല്ലവയാണ്. നിലപാടുകൾ വ്യത്യസ്തമായിരുന്നു.നവോത്ഥാനപ്രസ്ഥാനങ്ങൾ വരുന്ന സമയതാണ് വക്കം മൗലവിയുടെ സ്വദേശാഭിമാനി പത്രം വരുന്നത്. അദ്ദേഹം ഇംഗ്ലണ്ടിൽ നിന്ന് പുതിയ ഒരു അച്ചുകൂടം കൊണ്ട് വന്നിട്ടാണ് ഇത് സ്ഥാപിക്കുന്നത്. അന്ന് തിരുവിതാംകൂറിൽ മാത്രം അടങ്ങുന്ന വാർത്ത മാത്രമല്ലാതെ ലോക കാര്യങ്ങൾ പത്രത്തിൽ കൊണ്ട് വരാനാണ് ആഗ്രഹിച്ചത്. ആദ്യമൊക്കെ അദ്ദേഹം തന്നെ വാർത്തകൾ ശേഖരിക്കുകയും പിന്നീടദ്ദേഹം പിവാങ്ങുകയുമാണ് ചെയ്തത്.രാമകൃഷ്ണപിള്ള ആദ്യം അദ്ദേഹത്തിന്റെ അമ്മാവന്റെ പത്രത്തിലാണ് ജോലി നോക്കിയിരുന്നത്. സർക്കാർ വിരുദ്ധമായ എഴുത്തുകൾ കാരണം അദ്ദേഹത്തെ അവിടുന്ന് പറഞ്ഞു വിടുകയാണ് ചെയ്തത്. ഇങ്ങനെയുള്ള അനീതിയ്ക്കെതിരെ പത്രത്തിൽ എഴുതുന്ന ഒരാളിനെ ആയിരുന്നു വക്കം മൌലവിക്കും ആവശ്യാം. അങ്ങനെ രാമകൃഷ്ണപിള്ളയെ സ്വദേശാഭിമാനിയുടെ പത്രാധിപരായി നിയമ്മിക്കുകയാണ് ചെയ്തത്. രാമകൃഷ്ണപിള്ളയുടെ എതിർപ്പിനെ നമുക്ക് ഒരു പൊളിറ്റിക്കൽ എതിർപ്പായി കാണാൻ കഴിയും.

ഭരണ കൂടതിലെ തെറ്റായ കാര്യങ്ങളെ കുറിച്ചാണ് അദ്ദേഹം പത്രത്തിൽ എഴുതിയിരുന്നത്. രാഷ്ട്രീയപരമായി അദ്ദേഹം കാലത്തിനു മുൻപേ സഞ്ചരിച്ച ഒരാളാണ്. അട്ദീഹം ആദ്യമായി മഹാത്മാഗാന്ധിയെ കുറിച്ചാണ് എഴുതുന്നത്. പക്ഷെ സാമൂഹ്യ തലത്തിൽ അദ്ദേഹം കാലത്തിനൊത് സഞ്ചരിച്ചില്ല. കാരണം തിരുവിതാം കൂറെ സർക്കാർ പുലയരെ വിദ്യാഭ്യാസത്തിനു അനുവാദം കൊടുത്തപ്പോൾ അതിനെതിരെ അദ്ദേഹം മുഖപ്രസംഗം എഴുതി. ഭൌതികപരമായ ആളുകളെയും ഭൌതിക പരമല്ലാത്ത ആളുകളെയും ഒരുമിച്ചിരുത്തി പഠിപ്പിച്ചാൽ ശരിയാകില്ല എന്നദ്ദേഹം പറഞ്ഞു. വെള്ളകാരെയും സാധാരണക്കാരെയും ഒരുമിച്ചിരുത്തി പഠിപ്പിച് വികസിപ്പിക്കണ്ട, മറിച്ച് വേറെ വേറെ ഇരുത്തി പടിപ്പിക്കനമെന്നായിരുന്നു. രാമകൃഷ്ണപിള്ളയെ എല്പ്പിചിട്റ്റ് വക്കം മൗലവി മുസ്ലീം സമുധായത്തിനു വേണ്ടി കുറച്ച മാസികൾ തുടങ്ങുകയായിരുന്നു.സ്വദേശാഭിമാനി പത്രത്തിൽ മൗലവി പണ്ടിതോചിതമായ രീതിയിലാണ് എഴുതിയിരുന്നതെങ്കിൽ മുസ്ലീം സമൂഹത്തിന് വേണ്ടിയുള്ള മാസികയിൽ സാധാരണക്കാർക്ക് വായിക്കാൻ പറ്റുന്ന അറബി മലയാളം രീതിയിലാണ് എഴുതിയിരുന്നത്. സാധാരക്കാരന്റെ കമ്മ്യൂനിക്കേശൻ മനസിലാക്കാൻ വാസ്തവത്തിൽ മൌലവിയ്ക്ക് കഴിഞ്ഞു എന്ന് നമ്മൽ മനസിലാക്കണം. വിവരം നൽകുന്ന ആള് വിവരം മനസിലാക്കുന്ന രീതിയിലല്ല എഴുതുന്നതെങ്കിൽ ഒന്നും നടക്കില്ല. അതായത് വിദ്യാഭ്യാസം നേടിയവർക്ക് മനസിലാക്കാൻ ഒരു ഭാഷ, വിദ്യാഭ്യാസം ഇലാതവർക്കായി സാധാരണ ഭാഷ അങ്ങനെയായിരുന്നു ആ രീതി. അദ്ദേഹം സമുദായ നവീകരണത്തിന് വളരെ ഊന്നൽ നലികിയിരുന്നു. പത്രാധിപരുടെ എഴുത്ത് ഭരണകൂടത്തിനു ത്രിപ്തികരമാല്ലെന്നരിഞ്ഞിട്ടും അദ്ദേഹം വിലക്കാനോന്നും പോയില്ല. ഇതിനിടയിൽ വൃതാന്തപത്രം എന്നൊരു പുസ്തകം രാമകൃഷ്ണപിള്ള എഴുതി.അതിൽ ഉന്നതമായ പത്രപ്രവർഹാനം എന്ത് എന്നാ ആശയവുമായാണ് അദ്ദേഹം ആ പുസ്തകം എഴുതുന്നത്. പത്രപ്രവർത്തകരെ സംബന്ധിച്ചിടത്തോളം അവരുടെ ആദ്യത്തെ text book എന്ന് പറയാം. പുലയരുടെ വിദ്യാഭ്യാസത്തിനു വേണ്ടി അദ്ദേഹം എഴുതുന്ന സമയത്ത് അന്നത്തെ ദിവാൻ രാജഗോപാൽ ആചാരി സാമൂഹ്യ തലത്തിൽ പരിഷ്കാരങ്ങൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ച ആളായിരുന്നു. അപ്പോഴാണ് നെയ്യാടിന്കരയിൽ ഭീകരമായ എതിർപ്പ് വരുന്നത്,അതിന് തൊട്ടുമുൻപാണ് ഈഴവർക്ക് പ്രവേശനം ലഭിക്കുന്നത്. ഇങ്ങനൊരു തീരുമാനം ധിവാനിൽ നിന്ന് വന്നപ്പോൾ ഈഴവരും നായർ സ്മുധായക്കാര് തങ്ങളുടെ കുട്ടികളെ സ്കൂളിൽ നിന്ന് പിൻവാങ്ങിക്കളഞ്ഞു. അങ്ങനെ സ്കൂൾ ഹെട്മാസ്ടർ ദിവാന് കാര്യം പറഞ്ഞു കത്തെഴുതി അപ്പോൾ ദിവാൻ പറഞ്ഞു പോകുന്നെങ്കിൽ പോകട്ടെ ബാക്കി പുലയർ കുട്ടികളെ മാത്രം പഠിപ്പിക്കാൻ. രാമകൃഷ്ണപിള്ളയെ നാടുകടതുന്നതിനുള്ള രാജകീയ വിളംബരം, അങ്ങനൊരു വിളംബര പശ്ചാത്തലം മുന്പോന്നുംകണ്ടിട്ടില്ല. ഇതിനായി പുതിയ ഒരു നിയമം കൊണ്ടുവന്നു രാജാവിന് ആരെ വേണമെങ്കിലും നാടുകടത്താനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു. കോഴിക്കോടുള്ള പത്രങ്ങളിലെല്ലാം ഇത് വാർഹയായി നാടെങ്ങും പടർന്നു. ഇതൊക്കെ അറിഞ്ഞിട്ടും മൗലവി കുലുങ്ങിയില്ല. പത്രത്തിന്റെ ഉടമസ്ഥാവകാശം അപ്പോഴെയ്ക്കുമെകധേശം രാമക്രിശ്നപില്ലയ്ക്ക് കൊടുത്തു കഴിഞ്ഞിരുന്നു.പക്ഷെ നവോത്ഥാന കാലഘട്ടവുമായി ബന്ധപ്പെട്ടിരുന്ന ആളുകളെല്ലാം സ്വന്തമായി പത്രം തുടങ്ങിയിരുന്നു. SNDP യോഗത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ആയിരുന്നു മഹാകവി കുമാരനാശാൻ അന്നൊരു മാസിക തുടങ്ങിയിരുന്നു. അയ്യങ്കാളിയുടെ സാധുജന പരിപാലന സംഘം എന്നുള്ള പത്രം ഉണ്ടായിരുന്നു, അത് അദ്ദേഹത്തിന്റെ കാലത്ത് തന്നെ നിലച്ചു. അടുത്ത കാലത്ത് കുറച്ച ദളിത് ആളുകൾ ചേർന്നു അത് വീണ്ടും കൊണ്ട് വന്നു, പിന്നെ ഒരുപാട് നവോത്ഥാനത്തിന്റെ ആളുകൾ മാസികകളും പ്രസിദ്ധീകരണങ്ങളും നടത്തിയിരുന്നു. പിന്നീട് രാഷ്ട്രീയപരമായ സ്റ്റേജുകൾ ഇരുപതുകളിലും

മുപ്പതുകളിലും വരുന്നുണ്ട്. സാമൂഹ്യ പരിഷ്കരണത്തിന്റെ പ്രക്രിയ മുന്നോട്ടുപോകുംബോഴാനു രാഷ്ട്രീയം കടന്ന് വരുന്നത്.ഭരണകൂടത്തിൽ മാറ്റമുണ്ടാകണം നമ്മുടെ ചിന്ത മാറണം എന്നൊക്കെ തോന്നുന്നത് അപ്പോഴാണ്. അപ്പോഴാണ് രാഷ്ട്രീയ പത്രങ്ങളൊക്കെ വരുന്നത്. ഒരു പത്രാധിപർ1948ൽ എഴുതിയത് ഇങ്ങനെയാണ്. കാലോന്നറ്റ കസേരയിൽ അമരും പത്രാധിപർ എന്നൊക്കെ വിശേഷനങ്ങലുണ്ട്. അതായത് ഒരു കാലില്ലാത്ത കസേരയിലാണ് പത്രാധിപർ ഇരിക്കുന്നത് പത്രത്തിന് പെരിടുന്നതിനെക്കുരിച്ചും പറയുന്നുണ്ട്. സ്ത്രീ നാമം അത്യുത്തമം എന്ന് പറയുന്നുണ്ട്. ഓരോ പത്രത്തിനും പരിമിതികളുണ്ട്.ഒരു തലത്തിൽ ഇവരെല്ലാം പ്രാദേശിക പത്രങ്ങളാണ്. മദ്ധ്യതിരുവിതാംകൂറിന്റെ പത്രമാണ് മനോരമ,തെക്കൻ തിരുവിതാംകൂറിന്റെ പത്രമാണ് കൌമുദി,മലബാറിന്റെ പത്രമാണ് മാതൃഭൂമി അങ്ങനെ.പിന്നെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വന്നതിനു പുറമേ രാഷ്ട്രീയ പത്രങ്ങൾ വന്നു. മനോരമയുടെ ആദ്യത്തെ പ്രസിദ്ധീകരണം 750 COPY ആണ്. അന്നൊന്നും ദിന പത്രങ്ങൾ ഇല്ല, ആഴ്ചയിലാണ് പ്രസിദ്ധീകരണം. ഒരു പത്രത്തിന്റെ വളർച്ചയ്ക്കുള്ള ഘടകങ്ങൾ എന്തൊക്കെയാണ് എന്ന് വച്ചാൽ, സാക്ഷരത ഉണ്ടാകണം, പത്രം നിലനിൽക്കണമെങ്കിൽ വായനാശീലവും ഉണ്ടാകണം. പിന്നെ പത്രം വാങ്ങുന്നതിനുള്ള സാമ്പത്തിക ശേഷി വേണം. എഴുപതുകളിൽ നമ്മുടെ സാമ്പത്തിക രംഗം വളരെ മെച്ചപ്പെട്ടു വന്നു, ഏറ്റവും കൂടുതൽ ഉപയോഗിച്ച പത്രം എന്നാ നിലയിലാണ് മനോരമ ഏറ്റവും വലിയ പത്രം എന്നാ സ്ഥിതിയിലേയ്ക്ക് എത്തിയത്. പിന്നെ പത്രത്തിലൂടെ പല പുരോഗതികളും ഉണ്ടാകുന്നു.പക്ഷെ സാമൂഹ്യ തലത്തിൽ മുന്നോട്ട് പോകാനുള്ള ഇച്ഛാശക്തി ആർക്കുമില്ലാത്ത ഒരു അവസ്ഥയാണ് ഇപ്പോൾ എല്ലാവര്ക്കും. ഒരു ഘട്ടത്തിൽ ഞാൻ എഴുതിയ ഒരു ലേഖനമാണ് ഇവിടെ പ്രബല സമുദായങ്ങൾ വീതിച്ചെടുത്തു കഴിഞ്ഞാൽ എല്ലാ മതസ്ഥർക്കും ഓരോ സർവകലാശാല കൊടുക്കണം. ഇങ്ങനെ കൊടുത്താൽ എത്ര പ്രഗൽഭനായ ഒരു ദളിതർ വന്നാലും അവർക്ക് ഒന്നും കിട്ടില്ല, പിന്നെ എത്ര പ്രഗത്ഭയായ ഒർ വനിതാ ഉണ്ടായിരുന്നാലും വൈസ് ചാൻസിലർ ആകാൻ പറ്റില്ല. അങ്ങനൊരു സാഹചര്യം കേരളത്തിൽ ഉരുത്തിരിഞ്ഞു വന്നിരിക്കുന്നു. അത് പിന്നീട് തിരുത്തപ്പെട്ടു എന്നറിഞ്ഞതി എനിക്ക് സന്തോഷമുണ്ട്. ഈ ലേഖനമെഴുതിയതിനു ശേഷമാണ് സർക്കാർ ഒരു വനിതയെ വൈസ് ചാൻസിലർ ആക്കിയത്. പക്ഷെ ഇതൊന്നും ഒരു മാറ്റം വന്നതിനെ കാണിക്കുന്നില്ല. ഒരു ജീർണിച്ച പ്രതലത്തിൽ പത്രപ്രവർത്തനം ഉണ്ടാകണമെന്ന് ആഗ്രഹിക്കാൻ നമുക്കൊരു അവകാശവുമില്ല. ഒരു ജീർണിച്ച സമൂഹത്തിലാണ് ആളുകൾ വന്നിട്ട് നവോത്ഥാനം ഉണ്ടാക്കിയത് എന്ന് നാം മനസിലാക്കണം. പക്ഷെ അതൊരു കൂട്ടായ പ്രവർത്തനമായിരുന്നു. ആ തരത്തിലുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഈ അപജയങ്ങളെ മറികടന്ന് കൊണ്ട് നമുക്ക് നവോത്ഥാനത്തിനു പുതുവഴികൾ കണ്ടെത്താൻ കഴിയുകയുള്ളൂ എന്നാ എന്റെ വിശ്വാസം നിങ്ങള്ക്ക് മുൻപിൽ അവതരിപ്പിച്ചു കൊണ്ട് ഞാൻ നിര്ത്തുന്നു നന്ദി നമസ്കാരം.